**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 101** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>എം.എൽ.എ ആസ്തി വികസന ഫണ്ട് -സ്കൂളുകൾക്ക് വാഹനം വാങ്ങുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹനം വാങ്ങുന്ന അവസരങ്ങളിൽ കൃത്യസമയത്ത് ഫണ്ട് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** നിയോജക മണ്ഡല അസ്തി വികസന പദ്ധതി/പ്രത്യേക വികസന പദ്ധതി പ്രകാരം വിവിധ സ്കൂളുകൾക്ക്/സ്ഥാപനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും, വാഹന നിർമ്മാതാവ്/ഡീലർ നൽകുന്ന Invoice-ന്റെ അടിസ്ഥാനത്തിൽ വാഹനത്തിന്റെ വിലയും നികുതികളും ഉൾപ്പെടെയുള്ള തുക അനുവദിക്കുന്നതിനും, ആവശ്യമായ സാഹചര്യങ്ങളിൽ ഭരണാനുമതി തുക അധികരിക്കാതെ മുൻകൂർ തുക അനുവദിക്കുന്നതിനും 05.03.2025-ലെ Circular No.19/2025/Fin സർക്കുലർ പ്രകാരം നിർവഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ ബസ് വാങ്ങുന്നതിനായി പ്രാബല്യത്തിലുണ്ടായിരുന്ന ഭരണാനുമതികളുടെ കാലാവധി, എ.ഡി.എസ്. വിഹിതം അനുവദിച്ച വർഷം, അനുവദിച്ച തുക, ഗുണഭോക്തൃ സ്ഥാപനം എന്നിവയിൽ യാതൊരു മാറ്റവും പാടില്ലായെന്ന വ്യവസ്ഥയിൽ, 31.03.2027 വരെ ദീർഘിപ്പിച്ച് നൽകി സ.ഉ.6498/2026/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.അത്തരം സാഹചര്യങ്ങളിൽ, ഭരണാനുമതി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള മുൻകൂർ തുക അനുവദിച്ച ഉത്തരവുകൾ പുനഃസാധൂകരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ചെലവ്, ബന്ധപെട്ട ബജറ്റ് ശീർഷകത്തിലെ 2026-27 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്.

**(ബി)** ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**